STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.521/PR/SPMC/PHQ/2026 Date:30.10.2026

പത്രക്കുറിപ്പ്

പോലീസിന്റെ സ്പെഷ്യൽ ഡ്രൈവ്: മദ്യപിച്ച് വാഹനമോടിച്ചതിന് 1931 കേസുകൾ രജിസ്റ്റർ ചെയ്തു.

ക്രമസമാധാന ചുമതലയുള്ള എഡിജിപി പി. വിജയന്റെ നിർദ്ദേശപ്രകാരം സംസ്ഥാന വ്യാപകമായി കേരള പോലീസ് നടത്തിയ സ്പെഷ്യൽ ഡ്രൈവിൽ മദ്യപിച്ച് വാഹനമോടിച്ചതിന് 1931 കേസുകൾ രജിസ്റ്റർ ചെയ്തു. ഒക്ടോബർ 29 വൈകുന്നേരം 4 മണി മുതൽ ഒക്ടോബർ 30 രാവിലെ 8 മണി വരെയാണ് പരിശോധനകൾ നടന്നത്. ജില്ലാ പോലീസ് മേധാവിമാരുടെ നേതൃത്വത്തിൽ എല്ലാ സ്റ്റേഷനുകളിലെയും സ്പെഷ്യൽ യൂണിറ്റുകളിലെയും പോലീസ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിയാണ് പരിശോധന നടത്തിയത്.

മദ്യപിച്ചുള്ള വാഹനമോടിക്കൽ, പ്രായപൂർത്തിയാകാത്തവരുടെ ഡ്രൈവിംഗ്, ലഹരിമരുന്ന് അബ്കാരി കേസുകൾ എന്നിവ കണ്ടെത്തുക എന്നതായിരുന്നു പ്രധാന ലക്ഷ്യം. ഇതിനുപുറമെ, വാറന്റുകൾ നടപ്പിലാക്കുക, KAAPA, PITNDPS നിയമപ്രകാരം നടപടി നേരിടുന്നവരെ കണ്ടെത്തുക തുടങ്ങിയ കാര്യങ്ങളും സ്പെഷ്യൽ ഡ്രൈവിന്റെ ഭാഗമായി പരിശോധിച്ചു.

അബ്കാരി നിയമപ്രകാരം 631 കേസുകളും, COTPA നിയമപ്രകാരം 382 കേസുകളും, NDPS നിയമപ്രകാരം 177 കേസുകളും രജിസ്റ്റർ ചെയ്തു. പ്രായപൂർത്തിയാകാത്തവർ വാഹനമോടിച്ചതിന് 124 കേസുകളും ഗെയിമിംഗ് ആക്ട് പ്രകാരം 30 കേസുകളും സ്പെഷ്യൽ ലോക്കൽ ലോ പ്രകാരം 523 കേസുകളും സ്പെഷ്യൽ ഡ്രൈവിന്റെ ഭാഗമായി കണ്ടെത്തിയിട്ടുണ്ട്. ഇതിനുപുറമെ, സാമൂഹിക വിരുദ്ധരെ കണ്ടെത്താൻ 796 പരിശോധനകൾ നടത്തുകയും, 469 ജാമ്യമില്ലാ വകുപ്പ് പ്രകാരമുള്ള വാറന്റുകളും 87 ലോംഗ് പെൻഡിംഗ് വാറന്റുകളും നടപ്പിലാക്കുകയും ചെയ്തു. യു.ഐ കേസുമായി

ബന്ധപ്പെട്ട് 51 പേരെ അറസ്റ്റ് ചെയ്തു. KAAPA നിയമപ്രകാരം 67 പരിശോധനകൾ നടത്തുകയും അതിൽ ഒരു നിയമലംഘനം കണ്ടെത്തുകയും ചെയ്തു.

ക്രമസമാധാന ചുമതലയുള്ള എ.ഡി.ജി.പിയുടെ നിർദ്ദേശപ്രകാരം മേഖലാ ഡി.ഐ.ജിമാരും സോണൽ ഐ.ജിമാരും നേരിട്ട് വിലയിരുത്തിയ ഈ സ്പെഷ്യൽ ഡ്രൈവ്, സംസ്ഥാനത്തെ ക്രിമിനൽ പ്രവർത്തനങ്ങൾക്കും ലഹരി ഉപയോഗത്തിനുമെതിരെ പോലീസ് ശക്തമായ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായാണ് നടപ്പിലാക്കിയത്.

ഡോ. അഞ്ചൽ കൃഷ്ണകുമാർ

ഡെപ്യൂട്ടി ഡയറക്ടർ,

സ്റ്റേറ്റ് പോലീസ് മീഡിയ സെന്റർ

****